# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | = | പത്തനംതിട്ട |
| സ്കൂൾ കോഡ് | = | 37326 |
| സ്കൂളിന്റെ പേര് | = | ഇ.എ.എൽ.പി.എസ് ഓതറ |
| മേൽ വിലാസം | = | ഓതറ.പി.ഒ, (വെസ്റ്റ്)<br>തിരുവല്ല. |
| പിൻകോഡ് | = | 689151 |
| ഫോൺ നമ്പർ | = | 9496536658 |
| ഇ.മെയിൽ അഡ്രസ് | = | ealpsothera18@gmail.com |
| ഗ്രാമ പഞ്ചായത്ത് | = | കുറ്റൂർ |
| വിദ്യാഭ്യാസ ജില്ല | = | തിരുവല്ല |
| സബ് ജില്ല | = | പുല്ലാട് |
| ക്ലാസുകൾ | = | പ്രീ-പ്രൈമറി മുതൽ 4 വരെ |
| മാനേജ്മെന്റ് | = | എയ്ഡഡ് |
| പഠനമാധ്യമം | = | മലയാളം |
| U DISE കോഡ് | = | 32120600413 |

# ആമുഖം

പത്തനംതിട്ട ജില്ലയിലെ തിരുവല്ല വിദ്യാഭ്യാസ ജില്ലയിൽ പുല്ലാട് ഉപജില്ലയിലെ പടിഞ്ഞാറ്റോതറ സ്ഥലത്തുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ് ഇ.എ.എൽ.പി സ്കൂൾ ഓതറ. 1894 ൽ ഇത് ബ്രാഹ്മണത്ത് സ്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ ഇപ്പോൾ ഇത് ചൂരക്കുന്ന് സ്കൂൾ എന്ന് അറിയപ്പെടുന്നു. തിരുവല്ല MT & EA മാനേജ്മെന്റിന്റെ നിയന്ത്രണത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. 128 വർഷങ്ങൾക്ക് മുമ്പ് സ്ഥാപിതമായ ഈ സ്കൂൾ ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിൽ ഒന്നാണ്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും, കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിയുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിംഗ് അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് P.T.A കൂടെ പൂർണ്ണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. കൂടാതെ ഹരിതാഭംഗിയാർന്ന, ജൈവസമ്പന്നതയിൽ അലങ്കൃതമായ സ്കൂൾ ക്യാമ്പസ് ശിശു സൗഹൃദപരമായ അന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. സ്കൂൾ തന്നെ പാഠപുസ്തകം എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാകുന്നു.

ഓരോ വർഷവും കുട്ടികളുടെ അക്കാദമിക നിലവാരത്തിലുള്ള പൊതു സമൂഹത്തിന്റെ അംഗീകാരമാണ് ഇത്

നിലനിർത്തിക്കൊണ്ട് മുന്നോട്ട് കൂടുതൽ ഗുണപരമായ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർ-ത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനമാക്കി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കാം.

സ്കൂൾ രൂപം കൊടുത്ത വികസന സെമിനാറിലെ ലക്ഷ്യ-ങ്ങൾ കൂടി സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങളുള്ള ഈ അക്കാദമിക മാസ്റ്റർ പ്ലാൻ മാറുമെന്നും പ്രതീക്ഷിക്കാം. പൊതുവിദ്യാലയത്തിന്റെ മികവുകൾ സാമൂഹമധ്യത്തിലെത്തി ഈ വിദ്യാഭ്യാസ വർഷത്തെ "ഹരിത വിദ്യാലയം" പരിപാടിയിൽ പങ്കെടുത്ത് സ്കൂളിന്റെ മികവുകൾ അവതരിപ്പിക്കാനും ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട് എന്ന് സന്തോഷപൂർവ്വം അറിയിക്കാം.

## ചരിത്രം

സമുദായത്തിൽ ജാതിയുടെയും മതത്തിന്റെയും വേർതിരിവും സവർണർ അവർണർ എന്നിങ്ങനെ നിലനിന്നിരുന്ന കാലഘട്ട-ത്തിൽ സവർണരോടൊപ്പം അവർണർക്ക് പഠിക്കാൻ അനുവാദം ഇല്ലായിരുന്നു. എന്നാൽ ഈ ചിന്താഗതിയെ അതിജീവിച്ചുകൊണ്ട് എല്ലാവർക്കും അക്ഷരത്തിന്റെ ലോകത്തേക്ക് എത്തിക്കുവാൻ ലൂഥറൻ മിഷനറിമാർക്ക് സാധിച്ചു. ഭാരതത്തിലും കേരള-ത്തിലും ഈ മാറ്റങ്ങൾക്ക് അവർ തുടക്കം കുറിച്ചു.

അയിരൂർ ചെറുകര കുടുംബം സംഭാവന ചെയ്ത ചൂര-ക്കുന്ന് എന്ന വിശാലമായ കുന്നിൽ 1894 ൽ ഒന്നാം ക്ലാസ് മാത്രം ഉള്ള ഒരു പ്രൈമറി സ്കൂൾ ആയി പ്രവർത്തനം ആരംഭിച്ച ഈ സ്കൂളിന്റെ അന്നത്തെ പേര് ബ്രാഹ്മണത്ത് സ്കൂൾ എന്നായിരുന്നു. ചുറ്റുപാടും മറ്റ് സ്കൂളുകൾ ആരംഭിച്ചിട്ടില്ലായിരുന്ന ആ കാലങ്ങളിൽ ഇതിന് സമീപം മൂന്ന് നാല് മൈൽ ചുറ്റളവിലുള്ള

അനേകം വിദ്യാർത്ഥികളുടെ ഒക്കെ കൂടി ആയിരുന്നു ഈ സ്കൂൾ. 1957-ാം ആണ്ട് ആയപ്പോഴേക്കും വിദ്യാർത്ഥികളുടെ എണ്ണം [illegible] വർദ്ധിച്ചു. ഇവിടെ വിദ്യാഭ്യാസത്തിനായി എത്തുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ സ്ഥലം ഇല്ലാതെയും ഉരു കെട്ടിടം ചെലവാക്കല്ലാതെയും ആയിത്തീർന്ന പരിതസ്ഥിതിയിൽ അന്നത്തെ മിഷനറിയിൽ നിന്നുള്ള ആയിരുന്ന റവ. സി. ജി ഡേവിഡ് അച്ചന്റെ പരിശ്രമഫലമായി ഒരു അമേരിക്കൻ മിഷനറിയിൽ നിന്നും സംഭാവന ലഭിച്ച 3600 രൂപ കൊണ്ട് കെട്ടിടം പണി ആരംഭിച്ചു. ഈ കെട്ടിടം പൂർത്തീകരിക്കുന്നതിനായി അന്ന് സുവിശേഷ സംഘം വക സ്കൂളിലെ ഹെഡ്മിസ്ട്രസും ഈ സ്കൂളിലെ മുൻ ഹെഡ്മിസ്ട്രസും ആയിരുന്ന ശ്രീ. എം. റ്റി. പോത്തൻ സംഭാവന ചെയ്ത തുകയും, ഈ സ്കൂളിലെ മറ്റ് അദ്ധ്യാപകരുടെ പരിശ്രമഫലവുമായി പൊതു ജനങ്ങളിൽ നിന്ന് ലഭിച്ച തുകയും ഉപയോഗിച്ച് 1956 മാർച്ച് മാസത്തിൽ 5000/- രൂപ ചെലവാകുന്ന 104 അടി നീളം 20 അടി വീതിയുള്ള കെട്ടിടം പൂർത്തിയായി എന്നാൽ ഈ വിദ്യാലയം വീണ്ടും 1984 ൽ [illegible] പ്രതിസന്ധിയെ അഭിമുഖീകരി-ക്കുകയും പിന്നീട് സുവിശേഷ സംഘത്തിന്റെയും നാട്ടുകാരുടെ സഹായത്തോടെ കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ തീർക്കുകയും ചെയ്തു. 400 വിദ്യാർത്ഥികൾ പഠിച്ചുവരുന്ന ഈ പ്രൈമറി സ്കൂളിലെ ഹെഡ്മാസ്റ്റർ ശ്രീ. എ. പി. ഫിലിപ്പോസ് ഉൾപ്പെടെ 7 പേർ ജോലി നോക്കിയിരുന്നു. ഇതോട് ചേർന്ന് എം. ജി. എം. ഹൈസ്കൂൾ എന്ന പേരിലറിയപ്പെടുന്ന സ്ഥാപനവും പ്രവർത്തി-ച്ച് വരുന്നു.

സ്കൂളിന് 100 വർഷം പൂർത്തിയായി. 1993 ൽ സെഞ്ച്വറി ആയി ആഘോഷിച്ചു. ധാരാളം കർമ്മ പരിപാടികൾക്ക് രൂപം നൽകിക്കൊണ്ട് വളരെ വിപുലമായ സെഞ്ച്വറി ഉയർ 1993 സെപ്തംബർ 27-ാം തീയതി നി.വ.ദി.മ.ശ്രീ ഡോ. അലക്സാണ്ടർ മർത്തോമ്മ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. 1994 ഫെബ്രുവരി 25-ാം തീയതി ശതാബ്ദി സമാപനം ശ്രീ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

ഈ വിദ്യാലയത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നാളിതുവരെയും കൂടിരുന്ന് സഹായിച്ച ദൈവത്തിന് നന്ദി, കൂടെയുണ്ടായതോടൊപ്പം പ്രയത്നിച്ച എല്ലാം നേതൃത്വ സംഘങ്ങളെയും, വ്യക്തികളെയും പ്രത്യേകമായി സ്കൂളിന്റെ E.A.C അംഗങ്ങളെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. മിഷനറി വീരന്മാരായ C.P ഫിലിപ്പോസ്, പി.റ്റി ജേക്കബ്, സി.ജി ഡേവിഡ് അച്ചൻ എന്നിവരുടെ സേവനം സ്മരണീയമാണ്. അന്ന് കാലങ്ങളിൽ എബനേസർ ഇടവകകളിലും, സെന്റ് പോൾസ് ഇടവകയിലും, സെന്റ് ആൻഡ്രൂസ് ഇടവകയിലും സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട വൈദിക ശ്രേഷ്ഠന്മാരുടെയും സഹായ സഹകരണവും ഈ വിദ്യാലയത്തിന് എപ്പോഴും ഉണ്ടായിരുന്നു. സെന്റ് ആൻഡ്രൂസ് മർത്തോമ ഇടവക വികാരിയായ പലരും മാനേജരായി പ്രവർത്തനമനുഷ്ഠിക്കുന്നു. കൂടാതെ പ്രീ പ്രൈമറി മുതൽ നാലാംക്ലാസ് വരെ 32 കുട്ടികൾ പഠനം നടത്തുന്നു. നിലവിൽ 4 അധ്യാപകർ സേവനമനുഷ്ഠിക്കുന്നു. H.M ആയി സുജ ജോൺ ടീച്ചറും, Dailly Wages ആയി ശ്രീമതി അശ്വതി.വി.ആറും, ശ്രീമതി അഷ്ടമി ആർ, ശ്രീമതി നിഷ ഓമനക്കുട്ടൻ എന്നിവരും, നേഴ്സറി അധ്യാപകരായി ശ്രീമതി ത്രേസ്യാമ്മ സത്യൻ, ശ്രീമതി അനിറ്റ.വി ജോൺ എന്നിവരും പ്രവർത്തിച്ചുവരുന്നു. നവീകരണത്തിന്റെ ആദ്യ മന്ത്രങ്ങൾ ഉരുവിടുകയും പ്രവർത്തിക്കുകയും ചെയ്ത ഓതറയിൽ ചൂഴുന്ന് എന്നറിയപ്പെടുന്ന ഈ വിദ്യാലയം ആയിരങ്ങളെ അറിവിന്റെ ലോകത്തേക്ക് നയിച്ചുയർത്തി, ജീവിതത്തിന്റെ വിവിധ സ്ഥാനങ്ങളിൽ എത്തിച്ചിരിക്കുന്നു.

## പാഠ്യേതര പ്രവർത്തനങ്ങൾ

⇒ വിദ്യാരംഗം കലാസാഹിത്യ വേദി

⇒ ക്ലബ് പ്രവർത്തനങ്ങൾ :-
ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ്, ഹെൽത്ത് ക്ലബ്, Eco ക്ലബ്

⇒ ദിനാചരണങ്ങൾ

⇒ കൈയെഴുത്തു മാസിക.

⇒ ഗണിത മാഗസിൻ.

⇒ പതിപ്പുകൾ :-
കഥ, കവിത, കൃഷി, ഓണം, ദിനാചരണങ്ങളുടെയും ക്ലാസ്തല പ്രവർത്തനങ്ങളുടെയും നിരവധി പതിപ്പുകളും തയ്യാറാക്കിയിട്ടുണ്ട്.

⇒ പ്രവർത്തി പരിചയം - ശില്പശാല.

⇒ ബാല സഭ

⇒ സ്കൂളിൽ നല്ലൊരു പൂന്തോട്ടവും പച്ചക്കറി തോട്ടവും.

⇒ പഠനയാത്ര.

⇒

## മികവുകൾ

⇒ ഗണിത പഠനത്തെ ലളിതമാക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച ഗണിത വിജയം, ഉല്ലാസ ഗണിതം എന്നീ പ്രവർത്തനങ്ങളിലൂടെ ഗണിത പഠനം രസകരവും ലളിതവും ആക്കാനും അതിലൂടെ കുട്ടിക്ക് ഗണിത പഠനത്തോട് താൽപര്യമുണ്ടാക്കാനും സാധിച്ചു.

⇒ ഭാഷാ പഠനത്തിനായി ആവിഷ്കരിച്ച മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ശ്രദ്ധ, എന്നിവയും മോഡ്യൂളിൽ നിഷ്കർഷിക്കുന്ന പോലിൽ ക്ലാസുകൾ കൈകാര്യം ചെയ്യുവാനും ചെയ്തതിലൂടെ കുട്ടികളെ പഠനത്തിൽ മുൻപന്തിയിൽ

എത്തിക്കാനും കഴിഞ്ഞു.

⇒ ശാസ്ത്രമേളയിലും യുവജനോത്സവത്തിലും പങ്കെടുക്കുന്നതിന് വേണ്ടി കുട്ടികൾക്ക് മികച്ച പരിശീലനം നൽകുകയും മികച്ച വിജയം കൈവരിക്കുകയും ചെയ്തു.

⇒ കുട്ടികളിലെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും, അന്വേഷണബുദ്ധി വളർത്തുന്നതിനുമായി ഓരോ ദിവസവും കുട്ടികൾക്ക് ഓരോ ചോദ്യം നൽകുകയും ശരിയുത്തരം കണ്ടെത്തുന്നവർക്ക് അസംബ്ലിയിൽ സമ്മാനം നൽകുകയും ചെയ്തുവരുന്നു. ഒപ്പം ഉച്ചഭക്ഷണത്തിനു ശേഷമുള്ള ഇടവേളകളിൽ ക്വിസ്, കടംകഥ തുടങ്ങിയവ നൽകിയും വരുന്നു.

⇒ കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി ലൈബ്രറി പുസ്തകങ്ങൾ പ്രയോജനപ്പെടുത്തുന്നു.

⇒ രക്ഷിതാക്കളിൽ വായന അഭിരുചി വളർത്തുന്നതിനായി 'അമ്മ വായന' സംഘടിപ്പിച്ചു

⇒ കുട്ടികളെ പരിസ്ഥിതിയുമായി ബന്ധപ്പെടുത്തുന്നതിനായി പരിസ്ഥിതി ദിന ക്വിസ്, പരിസ്ഥിതി ഗാനാലാപനം, വൃക്ഷത്തൈ നടൽ, പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ പരിസ്ഥിതി ദിനാചരണം. എന്നീ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു

⇒ സ്കൂളിൽ ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിച്ചു.

⇒ കുട്ടികളിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വീടുകളിൽ കൃഷിചെയ്യാൻ വേണ്ട വിത്തുകളും മറ്റും കൃഷിഓഫീസുമായി ബന്ധപ്പെട്ട് വിതരണം ചെയ്തു-

⇒ കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ സംരക്ഷണ ബോധവൽക്കരണ ക്ലാസുകൾ നടത്തി

⇒ ദിനാചരണവുമായി ബന്ധപ്പെട്ട ചിത്രരചന, ക്വിസ്, പ്രസംഗം, പ്രച്ഛന്ന വേഷം, എന്നി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു

⇒ എല്ലാ ദിവസവും രാവിലെ കുട്ടികൾക്ക് അന്നേ ദിവസത്തെ പത്രത്തിൽ നിന്ന് ഓരോ ചോദ്യം അറിയിപ്പു ബോർഡിൽ ഇടുകയും പത്രം വായിച്ച് ഉത്തരം കണ്ടെത്തുന്നവർക്ക് പ്രോ-ത്സാഹന സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു

⇒ ഗണിതാഭിമുഖ്യം വളർത്തുന്നതിനായി ഗണിതകല തയ്യാറാക്കി. ഈ പ്രവർത്തനങ്ങളുടെ ഫലമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കുറെയൊക്കെ മെച്ചപ്പെടുത്താൻ കഴിഞ്ഞു.

# വിദ്യാലയത്തിന്റെ ശക്തിയും പരിമിതികളും

## വിദ്യാലയത്തിന്റെ ശക്തികൾ

* ആത്മാർത്ഥതയോടും അർപ്പിത മനോഭാവത്തോടും കൂടി പ്രവർത്തിക്കുന്ന അധ്യാപകർ
* അധ്യാപകരോടൊപ്പം സ്കൂളിന്റെ ഉയർച്ചക്ക് വേണ്ടി പ്രവർത്തിക്കുന്ന വിദ്യാലയ വികസന സമിതി അംഗങ്ങൾ
* സഹകരണ മനോഭാവമുള്ള പി.ടി.എ, എം.പി.ടി.എ അംഗങ്ങൾ
* പ്രാദേശിക സാമൂഹിക സംഘടനകളുടെ സഹായം
* പ്രാദേശിക ഭരണകൂടത്തിന്റെ സഹകരണം.

## പരിമിതികൾ

* സ്കൂളിന് സ്വന്തമായി ഒരു വാഹനമില്ല.
* ശിശു സൗഹൃദ ക്ലാസ്സുകളുടെ അഭാവം.
* വിവര സാങ്കേതിക വിദ്യയിലൂടെ അധ്യാപകരുടെ പരിജ്ഞാനം മെച്ചപ്പെടുത്തണം.
* ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ ഉദ്യോഗസ്ഥർ പല നിലയിലുള്ള പ്രാദേശിക ഭരണകൂടത്തിന്റെ അവഗണന

## വിദ്യാലയത്തിന്റെ സാധ്യതകൾ.

വിദ്യാലയ വികസന സമിതിയിലും ലോക്കൽ അഡ്വൈസറി കമ്മറ്റിയിലും പൂർവ്വ വിദ്യാർത്ഥികളിലും വിദ്യാസമ്പന്നരായ ആളുകൾ ഉള്ളതിനാൽ കമ്പ്യൂട്ടർ പഠനം കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, കലാപഠനം ഇവയിൽ വേണ്ട പ്രോത്സാഹനം

കുട്ടികൾക്ക് കൊടുക്കാൻ കഴിയുന്നു.

## വിദ്യാലയത്തിന്റെ ഭീഷണികൾ.

വിദ്യാലയത്തിന്റെ 2 കി.മീ. ചുറ്റളവിൽ നിരവധി അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം ഉള്ളതിനാൽ സാമ്പത്തിക ഭദ്രതയുള്ള വീടുകളിലെ കുട്ടികൾ ഇവിടെ എത്തുന്നില്ല. ഇവരുടെ ചുവട് പിടിച്ച് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരും ഈ സ്കൂളിലേക്ക് കുട്ടികളെ വിടാൻ പ്രേരിതരാകുന്നു.

## വിദ്യാലയ വികസന ലക്ഷ്യങ്ങളും മേഖലകളും.

ലക്ഷ്യങ്ങൾ:-

* ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.
* എല്ലാ കുട്ടികളിലും അന്തർലീനമായിട്ടുള്ള കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുക.
* സമ്പൂർണ്ണ വിദ്യാലയ വികസനത്തിനു വേണ്ടി വിദ്യാലയ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക
* വിദ്യാലയ വികസനത്തിനു താൽപര്യമുള്ള എല്ലാ ജനങ്ങളുടെയും പിന്തുണ വിദ്യാലയ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുക.

പഞ്ചവത്സര ലക്ഷ്യങ്ങൾ:-

* സ്മാർട്ട് ക്ലാസ് റൂം
* കുട്ടികളുടെ പാർക്ക് നിർമ്മിക്കുക.
* ക്ലാസ് മുറി ടൈൽസ് പാകുക
* എല്ലാ കുട്ടികൾക്കും ഉയർന്ന ഗ്രേഡ് ലഭ്യമാക്കുക.
* നല്ല ജീവിതമൂല്യങ്ങൾ ഉൾക്കൊണ്ട് നല്ല ഒരു സാമൂഹിക ജീവിതം നയിക്കുന്നതിന് പ്രാപ്തരാക്കുക.

* പി.ടി.എ യുടെ മികച്ച ഇടപെടലും സാംസ്കാരിക പങ്കാളിത്തവും ലഭിക്കുന്നുണ്ട്.
* പൂർവ്വ വിദ്യാർത്ഥികളുടെ മികവാർന്ന കൂട്ടായ്മ സംഘടിപ്പിക്കുക.

<u>വിദ്യാലയ വികസന കാഴ്ചപ്പാട്</u>:-

1. അക്കാദമികം.

കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, കലാകായിക പഠനം, ഇവയിൽ ഉന്നമനത്തിന് വിദഗ്ദ്ധരായ ആളുകളുടെ പ്രവർത്തനം ലഭ്യമാക്കേണ്ടതുണ്ട്.

2. ഭൗതികം.

നിലവിലുള്ള കെട്ടിടത്തിന് അറ്റകുറ്റപണികൾ നടത്തി ഭംഗിയാക്കേണ്ടതുണ്ട്. ജൈവ വൈവിധ്യ ഉദ്യാനം, ആവശ്യമായ സ്ഥലത്ത് പച്ചക്കറിത്തോട്ടം, വിദ്യാലയം ശിശുസൗഹൃദം ആകണം.

<u>വിദ്യാലയ വികസന മേഖലകൾ</u>

ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭിക്കുന്നതിന് ~~[illegible]~~ ശ്രീ. ഷെവി ജ്ഞാന ഓതന പറയുന്ന വികസന മേഖലകളിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ആഗ്രഹിക്കുന്നു

* സാമൂഹിക പിന്തുണയോടുകൂടിയുള്ള മെച്ചപ്പെട്ട വിദ്യാലയ പ്രവർത്തനങ്ങൾ
* കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസവും കലാകായിക പ്രവർത്തനങ്ങളും
* ശുചിത്വ വിദ്യാലയം
* മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ.

* കംപ്യൂട്ടർ വിദ്യാഭ്യാസം
* ലൈബ്രറി മെച്ചപ്പെടുത്തൽ / പ്രയോജനപ്പെടുത്തൽ
* പഠനോപകരണ നിർമ്മാണം
* പഠനാനുബന്ധ ശാസ്ത്ര പരീക്ഷണങ്ങൾ
* ഭിന്ന ശേഷി കുട്ടികൾ കൂടുതൽ പഠിക്കുന്നു.
* നിരന്തര വിലയിരുത്തൽ
* ആവശ്യമായ പഠന പ്രവർത്തനങ്ങളുടെ ആസൂത്രണം
* പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങ

### വികസന ലക്ഷ്യങ്ങൾ

1. ഭാഷാ ശേഷി വികസനം.
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസകരമാക്കാൻ.
4. വായന ശേഷി വർദ്ധിപ്പിക്കൽ.
5. ശാസ്ത്ര പോഷിണി പരിപാടി.
6. ലൈബ്രറി ശാക്തീകരണം.
7. ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ
8. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
9. പഠനയാത്രകൾ
10. സ്കൂൾ പത്രം മാസിക.
11. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
12. പ്രവൃത്തി പരിചയ പരിശീലനം
13. കലാ-പരിപോഷണം.
14. പച്ചക്കറിത്തോട്ടം.
15. സാഹിത്യ ശില്പശാലകൾ.
16. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
17. കായിക ശേഷി വികസനം.
18. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
19. ഐ.ടി പഠനം കാര്യക്ഷമമാക്കൽ
20. ജന്മദിന പുസ്തകം
21. ശാസ്ത്ര, ഗണിതശാസ്ത്ര, പ്രവൃത്തിപരിചയ, S.S മേളകൾ.
22. ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ.

| അക്കാദമികം | ഭൗതികം | സാമൂഹികം. |
|---|---|---|
| ഭാഷാ ശേഷി വികസനം | ജൈവവൈവിധ്യ ഉദ്യാനം. | എസ്. എസ്. ജി |
| ഇംഗ്ലീഷ് പരിപോഷണം | സ്കൂളിൽ ശിശു സൗഹൃദ പെയിന്റിംഗ് നടത്തുന്നു. | പി. ടി. എ. |
| ഗണിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുക. | സ്മാർട്ട് ക്ലാസ് റൂം. | പൂർവ്വ വിദ്യാർത്ഥി സംഘടന. |
| നിരീക്ഷണ പ്രാധാന്യം. | സ്മാർട്ട് കിച്ചൺ ഡൈനിംഗ് ഹാൾ | ഗ്രാമ പഞ്ചായത്ത്. |
| പഠനയാത്ര | ബൈക്ക് സിങ്കും (P.T.A) | ക്ലബുകളുടെ സഹായം. |
| I.T. | ചിൽഡ്രൻസ് പാർക്ക് | കോർണർ മീറ്റിംഗ്. |
| അഭിമുഖം | കളിസ്ഥലം. | സാമൂഹ്യ പ്രവർത്തകരുടെ സഹായം (പത്രം). |
| പ്രവൃത്തി പരിചയം. | | |
| കല-കായിക പ്രവർത്തനങ്ങൾ. | | |
| പത്രം. | | |
| പി ടി എ | | |
| സി പി ടി എ | | |
| കൈയ്യെഴുത്തു മാസിക. | | |

# പ്രവർത്തനം - വിശദാംശങ്ങൾ

## ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1 ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ | എല്ലാ ക്ലാസ്സുകളും | ബന്ധപ്പെട്ട ടീച്ചർ. | |
| | 2 ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി മാറി മാറി ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ. | |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം കണ്ടെത്തി വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ. | പി.ടി.എ. |
| വായന പരിപോഷിപ്പിക്കൽ | വായന കാർഡുകൾ വായിക്കാൻ അവസരം ഒരുക്കൽ | എല്ലായ്പ്പോഴും | ക്ലാസ്/ ഇംഗ്ലീഷ് ടീച്ചർ | |

# ഉപമേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ①. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി നികത്തൽ (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | 1) അക്ഷരം ഉറപ്പിക്കൽ<br>2) ചിഹ്നം ഉറപ്പിക്കൽ<br>3) പദ നിർമ്മാണം<br>4) വാക്യ നിർമ്മാണം<br>5) ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്. | 2 മാസം / 1 വർഷക്കാലം | മലയാളം ടീച്ചർ SRG | PTA, [illegible] |
| ② എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക. | ① ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>② ക്ലാസ് ലൈബ്രറി നവീകരിക്കൽ | 6 മാസം 1 വർഷം | വിദ്യാരംഗം ചാർജ്ജ് മലയാളം ടീച്ചർ | PTA |
| | ③ സ്കൂൾ ലൈബ്രറി നവീകരണം.<br>④ വായനോത്സവം<br>⑤ ജന്മദിന പുസ്തകം<br>⑥ പത്രവായന. | 6 മാസം 1 വർഷം | മലയാളം ടീച്ചർ | PTA |
| ③ പത്രവായന പരിപോഷിപ്പിക്കുക | ഓരോ ക്ലാസിനും ഓരോ പത്രം.<br>രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം<br>പത്ര ക്വിസ് | ദിവസേന<br>ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | മലയാളം അധ്യാപകർ | PTA |

# ഉപസംഹാരം.

മുൻ അധ്യയന വർഷങ്ങളിലെ ഞങ്ങളുടെ പ്രവർത്തനങ്ങൾ പൂർണ്ണതയിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വിശ്വസിക്കുന്നു. പാഠ്യ - പാഠ്യേതര വിഷയങ്ങളിലെ മികവ്, ചിട്ടയായ പരിശീലനം, മികച്ച അധ്യാപനം സൗഹൃദപരമായ അന്തരീക്ഷം, കാര്യക്ഷമമായ PTA, എന്നിവ ഞങ്ങളുടെ മികച്ച പ്രവർത്തനങ്ങളായി കാണുന്നു. പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ് വരെ ഇംഗ്ലീഷ്, മലയാളം മീഡിയം എന്നിവ സമാന്തരമായി നടത്തിവരുന്നു.

സ്കൂളിൽ നിക്ഷിപ്തമായിരിക്കുന്ന കടമകൾ അതേ വിശ്വസ്തതയോടും, ചെയ്തു തീർക്കുന്നതിന് ഞങ്ങളാൽ ആവോളം ശ്രമിച്ചിട്ടുണ്ടെന്ന് നിസംശയം പറയാൻ സാധിക്കും. പരിമിതികളും ആവശ്യങ്ങളും അനവധിയാണ്. ദിനംതോറും ഈ വിദ്യാലയം ഉയരങ്ങളിലേക്ക് എത്തട്ടെ എന്ന് ആശംസിക്കുന്നു. അറിവിന്റെ ആദ്യാക്ഷരങ്ങൾ അനേകർക്ക് പകർന്ന് നൽകിയ ഈ വിദ്യാലയത്തിന്റെ ഭാവി ശോഭനമാകുന്നതിന് സർവ്വേശ്വരൻ സഹായിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് വിനീതമായി സമർപ്പിച്ചുകൊള്ളുന്നു.